**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **11.06.2018 ൽ**
**നിയമസഭാ ചോദ്യം നമ്പർ : 2080** **മറുപടിക്ക്**

**സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) പോലീസ് സേനയെ ആധുനിക വത്ക്കരിക്കുന്നതിനു വേണ്ടി സർക്കാർ സ്വീകരിച്ചു കൊണ്ടിരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ; | എ) പോലീസ് സേനയുടെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. അത്യന്താധുനിക സാങ്കേതിക വിദ്യയിലുള്ള ശരീരത്തിൽ ധരിക്കാവുന്ന തരത്തിലുള്ള ക്യാമറകൾ, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ ക്യാമറകൾ (CCTV), സ്പീഡ് റഡാർ (Speed Radar), വേഗത നിർണ്ണയ ക്യാമറകൾ (Speed Detection Cameras), വെഹിക്കിൾ മൗണ്ടഡ് ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (Vehicle Mounted GPS System), ട്രാഫിക് സിഗ്നൽ സിസ്റ്റംസ് (Traffic Signal Systems), ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ, ട്രാഫിക് ഗെയിമിംഗ് ആപ്ലിക്കേഷനുകൾ, ബ്ലൂസ് ബസ്സ് (ആൾക്കഹോൾ / ഡ്രഗ്സ് ഡിറ്റക്ഷനുവേണ്ടി) തുടങ്ങിയ അനേകം ഉപകരണങ്ങൾ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കിയിട്ടുണ്ട്. |
| ബി) പോലീസ് സ്റ്റേഷനുകൾ സ്മാർട്ട് സ്റ്റേഷൻ ആക്കി മാറ്റുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് സ്റ്റേഷനുകളിൽ ലഭ്യമാവുക; | ബി) പോലീസ് സ്റ്റേഷനുകളെ സ്മാർട്ട് സ്റ്റേഷൻ ആക്കി മാറ്റുന്നതിലൂടെ പോലീസിന്റെ കാര്യക്ഷമത വർദ്ധിക്കുകയും, സി.സി.ടി.എൻ.എസ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യൽ, iAPS സംവിധാനം, കെട്ടിടങ്ങൾ, വാഹനങ്ങൾ, ഇ-മെയിൽ സംവിധാനം, പരാതികൾ സ്വീകരിക്കുന്നതിനും മറ്റും വെബ് പോർട്ടൽ സംവിധാനം, ആധുനിക ഉപകരണങ്ങൾ, കമ്പ്യൂട്ടറൈസേഷൻ എന്നീ സൗകര്യങ്ങൾ സ്റ്റേഷനുകളിൽ ലഭ്യമാകുന്നുണ്ട്. |

| | |
|---|---|
| സി) കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും സ്മാർട്ട് സ്റ്റേഷനുകളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) ഉദ്ദേശിക്കുന്നുണ്ട്. |
| ഡി) ശിശു സൗഹൃദ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിലൂടെ സർക്കാർ എന്താണ് ലക്ഷ്യം വെക്കുന്നത് എന്നറിയിക്കാമോ; ഇപ്പോൾ ഏതൊക്കെ സ്റ്റേഷനുകളാണ് ശിശു സൗഹൃദ സ്റ്റേഷനുകളായി പ്രഖ്യാപിച്ചിട്ടുള്ളത് എന്നറിയിക്കാമോ? | ഡി) സംസ്ഥാനത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം സിറ്റി), കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി), കടവന്ത്ര പോലീസ് സ്റ്റേഷൻ (എറണാകുളം സിറ്റി), തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ (തൃശ്ശൂർ സിറ്റി), കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ (കോഴിക്കോട് സിറ്റി), കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ (കണ്ണൂർ) എന്നീ 6 പോലീസ് സ്റ്റേഷനുകളെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിരിക്കുന്നത്. ശിശുസൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കെട്ടിടം, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും മാനസികാവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള ശക്തമായ നടപടി എടുക്കൽ ഇവയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ